പ്രസിദ്ധീകരണത്തിന്

തിരുവനന്തപുരം
17-2-2016

# വൈദ്യുതി ബോർഡ് ജീവനക്കാർ ആഹ്ലാദ പ്രകടനം നടത്തി

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ മെച്ചപ്പെട്ട രീതിയിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയ വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദിന് അഭിവാദ്യം അർപ്പിച്ചുകൊണ്ട് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) പട്ടം വൈദ്യുതി ഭവന് മുന്നിൽ ആഹ്ലാദ പ്രകടനവും യോഗവും നടത്തി.

ജീവനക്കാരുടെ അവകാശങ്ങൾ കരാറിലൂടെ സംരക്ഷിക്കുന്നതിനോടൊപ്പം സ്ഥാപനത്തിന്റെ നിലനിൽപ്പുകൂടി കണക്കിലെടുത്തുകൊണ്ടുള്ള കരാറാണ് ശ്രീ.ആര്യാടൻ മുഹമ്മദിന്റെ സാന്നിദ്ധ്യത്തിൽ നടപ്പിലായതെന്ന് യോഗം ഉത്ഘാടനം ചെയ്ത ജനറൽ സെക്രട്ടറി സിബിക്കുട്ടി ഫ്രാൻസിസ് പറഞ്ഞു. തുടർന്ന് നടന്ന പ്രകടനത്തിന് സംസ്ഥാന ട്രഷറർ വി.ഗോപകുമാർ, ജില്ലാ സെക്രട്ടറി നെയ്യാറ്റിൻകര പ്രതീപ്, വർക്കിംഗ് പ്രസിഡന്റ് ആർ.അജിത്കുമാർ തുടങ്ങിയവർ നേതൃത്വം നൽകി.

ആർ.അജിത്കുമാർ
ജില്ലാ വർക്കിംഗ് പ്രസിഡന്റ്
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്
കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)
മൊബൈൽ: 9633101054